# പതിനാലാം കേരളനിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1322** — **13.07.2016-ൽ മറുപടിക്ക്**

### ജിഷ വധക്കേസ്

**ചോദ്യം**

**ശ്രീ. എൽദോസ് കുന്നപ്പിള്ളി**

(എ) പെരുമ്പാവൂർ ജിഷ വധക്കേസ്സുമായി ബന്ധപ്പെട്ട് ശ്രീ. പി.പി. തങ്കച്ചനെക്കുറിച്ച് അപകീർത്തി-കരമായി ജോമോൻ പുത്തൻപുരയ്ക്കൽ ഉന്നയിച്ച ആരോപണങ്ങൾ നിഷേധിച്ചുകൊണ്ടും ഈ ആരോപണങ്ങളുടെ ഉറവിടം കണ്ടെത്തണമെന്ന് ആവശ്യപ്പെട്ടും ശ്രീ. പി. പി. തങ്കച്ചൻ ബഹു. മുഖ്യമന്ത്രിക്കു നൽകിയ പരാതിയിൽ എന്ത് നടപടിയാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വിശദാംശങ്ങൾ അറിയിക്കുമോ?

**മറുപടി**

**ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)**

(എ) പെരുമ്പാവൂർ ജിഷ വധക്കേസുമായി ബന്ധപ്പെട്ട് ശ്രീ. പി.പി. തങ്കച്ചനെ കുറിച്ച് ജോമോൻ പുത്തൻപുരയ്ക്കൽ എന്നയാൾ ഉന്നയിച്ച ആരോപണങ്ങളുടെ ഉറവിടം കണ്ടെത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി.പി. തങ്കച്ചൻ മുഖ്യമന്ത്രിയ്ക്ക് നൽകിയ പരാതിയിന്മേൽ അന്വേഷണം നടത്തുവാൻ പെരുമ്പാവൂർ ഡി.വൈ.എസ്.പി. യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജിഷയുടെ പിതൃത്വവുമായി ബന്ധപ്പെട്ട് ജോമോൻ പുത്തൻപുരയ്ക്കൽ ഉന്നയിച്ച വാർത്ത സംബന്ധിച്ച കാര്യത്തിന് ജോമോൻ പുത്തൻപുരയ്ക്കലിനെതിരെ മരണപ്പെട്ട ജിഷയുടെ പിതാവ് ശ്രീ. പാപ്പു നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കുറുപ്പംപടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം. 1024/2016 നമ്പർ കേസിൽ മേൽ പറയുന്ന പരാതിയും കൂടി കൂട്ടിച്ചേർത്ത് അന്വേഷണം നടത്തി വരുന്നു.

Ramyakk

സെക്ഷൻ ഓഫീസർ